# മുത്തൂറ്റ് ഗ്രൂപ്പ് എൻജിനീയറിംഗ് എഡ്യൂക്കേഷൻ രംഗത്തേയ്ക്ക്

തിരുവനന്തപുരം: ഇന്ത്യയിലെ പ്രമുഖ ബിസിനസ് ഗ്രൂപ്പായ മുത്തൂറ്റ് ഉന്നത വിദ്യാഭ്യാസ രംഗത്തേയ്ക്ക് പ്രവേശിക്കുന്നു. മുത്തൂറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി എന്ന പേരിൽ കൊച്ചിക്കു സമീപം പുതിയ എൻജിനീയറിംഗ് കോളേജ് കാമ്പസിന് ഗ്രൂപ്പ് തുടക്കമിട്ടു. നിർദ്ദിഷ്ട കോളേജിൽ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ, കംപ്യൂട്ടർ സയൻസ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, മെക്കാനിക്കൽ, സിവിൽ എൻജിനീയറിംഗ് എന്നിങ്ങനെ അഞ്ച് എൻജിനീയറിംഗ് കോഴ്സുകൾക്കാണ് എഐസ്ടിഇ-യുടെ അംഗീകാരം ലഭിച്ചിട്ടുള്ളത്. പരീക്ഷയിൽ 15000 റാങ്കിനുള്ളിൽ ലഭിച്ചവർക്കോ മാത്തമാറ്റിക്സിന് 80 ശതമാനം മാർക്കുള്ളവർക്കോ ഇവിടെ അഡ്മിഷൻ ലഭിക്കും. ഗവൺമെന്റ് എൻജിനീയറിംഗ് കോളേജിലെ അതേ നിരക്കിലാകും ഫീസ് ഈടാക്കുക. പഠനത്തിൽ മുന്നിൽ നിൽക്കുന്നവർക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകണമെന്ന ഉദ്ദേശത്തോടെയാണ് ഈ എൻജിനീയറിംഗ്  കോളേജ് പ്രവർത്തിക്കുക.

മുത്തൂറ്റ് ഗ്രൂപ്പിന്റെ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായാണ് പുതിയ എൻജിനീയറിംഗ് കോളേജ് ആരംഭിക്കുന്നതെന്ന് മുത്തൂറ്റ് ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ ജോർജ് അലക്സാർ മുത്തൂറ്റ് പറഞ്ഞു. 2013-14 അക്കാഡമിക് വർഷത്തിൽ യൂണിവേഴ്സിറ്റിയുടെയും ഗവൺമെന്റിന്റെയും അംഗീകാരം നേടിയെടുക്കാമെന്നാണ് പ്രതീക്ഷ. ഗ്രൂപ്പിന്റെ സാമൂഹിക പ്രതിബദ്ധത പരിപാടികളിൽ ഈ സംരംഭം മാതൃകയായിരിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

**മുത്തൂറ്റ് ഗ്രൂപ്പ്**

കേരളത്തിലെ വിദൂര ഗ്രാമമായ കോഴഞ്ചേരിയിൽ ചെറിയ തോതിലുള്ള വ്യാപാര സ്ഥാപനമായി 1887-ലാണ് മുത്തൂറ്റ് ഗ്രൂപ്പിന്റെ ബിസിനസ് തുടക്കം. എം ജി ജോർജ് മുത്തൂറ്റ് (ചെയർമാൻ), ജോർജ് അലക്സാർ മുത്തൂറ്റ് (മാനേജിംഗ് ഡയറക്ടർ), ജോർജ് തോമസ് മുത്തൂറ്റ് (ജോയിന്റ് മാനേജിംഗ് ഡയറക്ടർ), ജോർജ് ജേക്കബ് മുത്തൂറ്റ് (ജോയിന്റ് മാനേജിംഗ് ഡയറക്ടർ) എന്നിവരായിരുന്നു കമ്പനിയുടെ ആരംഭം മുതൽ നേതൃത്വം നൽകിയിരുന്നത്.

കഴിഞ്ഞ 126 വർഷങ്ങളിലായി മുത്തൂറ്റ് ഗ്രൂപ്പ് വൈവിധ്യമാർന്ന ബിസിനസ് രംഗങ്ങളിൽ രാഷ്ട്രത്തിന്

സേവനം നൽകുന്നു. ഫിനാൻഷ്യൽ സർവീസസ്, പ്ലാന്റേഷൻ & എസ്റ്റേറ്റ്സ്, എഡ്യൂക്കേഷൻ, ലേഷർ & ഹോസ്പിറ്റാലിറ്റി, ഹെൽത്ത് കെയർ, ഹൗസിംഗ് & ഇൻഫ്രാസ്ട്രക്ചർ, ഇൻഫോടെക്, വെൽത്ത് മാനേജ് മെന്റ്, മണി ട്രാൻസ്ഫർ, ഫോറെക്സ്, മീഡിയ, പവർ ജനറേഷൻ, പ്രഷ്യസ് മെറ്റൽസ്, സെക്യൂരിറ്റീസ്, വെഹിക്കിൾസ് & അസറ്റ് ഫിനാൻസ്, ട്രാവൽ സർവീസസ്, മുത്തൂറ്റ് ഗ്ലോബൽ, മുത്തൂറ്റ് മണി എന്നിങ്ങനെ 16 ഡിവിഷനുകളിലായാണ് ഗ്രൂപ്പ് പ്രവർത്തിക്കുന്നത്.

കൊച്ചിയിൽ ഹെഡ് ക്വാർട്ടേഴ്സും, ന്യൂ ഡൽഹിയിൽ കോർപ്പറേറ്റ് ഓഫീസും പ്രവർത്തിക്കുന്നു. 21 സംസ്ഥാനങ്ങളിലും 4 കേന്ദ്രഭരണ പ്രദേശങ്ങളിലും സാന്നിധ്യമുണ്ട്. യുഎസ്എ, യുകെ, യുഎഇ എന്നിവടങ്ങളിലും ഓഫീസുകൾ പ്രവർത്തിക്കുന്നു.

## For further media enquiries please contact:

**Venugopal  Mob:98470 41616 / Vinay Mohan, 9037827814**